# മധുരമായ കുട്ടികളെ, നിങ്ങൾ സദാ സേവനത്തെക്കുറിച്ചുള്ള വിചാരങ്ങളിലിരിക്കണം. ജ്ഞാനത്തെ പ്രയോഗത്തിൽ കൊണ്ടുവരുന്ന ആത്മാവാകണം, സമയം വ്യർത്ഥമാക്കരുത്.

**ചോദ്യം:** ജ്ഞാനവാൻമാരായ കുട്ടികളുടെ അടയാളമെന്തായിരിക്കും?
**ഉത്തരം:** അവർ സദാ സേവനത്തിലിരിക്കും. അവിനാശിജ്ഞാന രത്നങ്ങളുടെ ദാനം ചെയ്യുന്നതിൽ അവർക്ക് സന്തോഷമുണ്ടാകും. ബാബയും അവരിൽ തൃപ്തനാകും. അവർ ഒരിക്കലും പുറത്തെ തമോഗുണീ ആഹാരപാനീയങ്ങളെക്കുറിച്ച് ചിന്തിച്ച് സമയം നഷ്ടമാക്കില്ല. അവർ ഒരിക്കലും കരയുകയില്ല. ഇന്നയാൾക്ക് ഞാനാണ് ജ്ഞാനം നൽകിയതെന്ന അഹങ്കാരം അവർക്കൊരിക്കലും ഉണ്ടാകില്ല. ബാബയാണ് നൽകിയതെന്ന് എപ്പോഴും പറയും.

**ഗീതം:** ദു:ഖിതരോട് ദയ കാണിക്കൂ............

**ഓം ശാന്തി.** ബാബ പണ്ട് ദയ കാട്ടിയിരുന്നു എന്ന് കുട്ടികൾക്കിപ്പോൾ അറിയാം. ഇപ്പോൾ വീണ്ടും ദയ കാട്ടുന്നു. ദയ കാട്ടുന്നതാരാണ് ? ദയയില്ലാത്തവനാരാണ് ? ഇതൊക്കെ നിങ്ങൾക്കിപ്പോളറിയാം. ബാബ ഭാരതത്തിന്റെ മേൽ ദയ കാട്ടിയിരുന്നു അതായത് ഭാരതത്തിനെ വജ്രസമാനമാക്കിയിരുന്നു, ശ്രേഷ്ഠാചാര മുള്ള ദൈവീകസ്വരാജ്യം നൽകിയിരുന്നു. നിങ്ങൾക്കിപ്പോളറിയാം – ലക്ഷ്മി നാരയണന് രാജ്യഭാഗ്യം ആരാണ് നൽകിയത് ? തീർച്ചയായും പരമാത്മാവാണ് രചന രചിച്ചത്. ദേവതകൾ പരമപിതാ പരമാത്മാവിൽ നിന്നാണ് ആസ്തിയെടുത്തതെന്ന് ലോകത്തിലുള്ളവർക്കറിയില്ല. ഭാരതവാസികൾക്ക് സ്വരാജ്യമുണ്ടായി രുന്നു. ബാബ ദയ കാട്ടിയിരുന്നു. ഇപ്പോൾ വീണ്ടും ദയ യാചിക്കുന്നു. നിങ്ങളെ ദു:ഖിതരും നിർദ്ധനരും ഭ്രഷ്ടാചാരികളുമാക്കിമാറ്റിയ ദയയില്ലാത്തവൻ ആരാണ് ! ആ ആളുടെ കോലം വർഷം തോറും കത്തി ക്കാറുണ്ട്. ഈ രാവണനാണ് ദു:ഖം നൽകിയത്. ദു:ഖിപ്പിക്കുന്നവരോട് അല്ലെങ്കിൽ ബുദ്ധിമുട്ടിപ്പി ക്കുന്നവരോടുള്ള വൈരാഗ്യം കാണിക്കുവാനായി, അവരെ നിന്ദിക്കുവാനായി കോലം ഉണ്ടാക്കുന്നു. ബാബ പറയുന്നു–സർവ്വരും പതീതമാണ്. സ്വയം പതീതമാണെന്ന് അംഗീകരിക്കുന്നു. പിന്നെ ഈശ്വരനുണ്ടെന്നും അംഗീകരിക്കുന്നു. ക്രിസ്തുവിനു 3000 വർഷം മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു എന്ന് പത്രങ്ങളിൽ ഇടാറുമുണ്ട്. ഏറ്റവും ആദ്യം ഉണ്ടായിരുന്നത് ദേവതകളായിരുന്നു പിന്നീട് ഇസ്ലാമി, ബൗദ്ധി തുടങ്ങിയവർ വന്നു. കുട്ടികൾക്ക് കണക്കുകൾ പറഞ്ഞുതന്നിട്ടുണ്ട്. ഇടയ്ക്ക് രണ്ട് ധർമ്മങ്ങൾ വീണ്ടും വരുന്നു. ഭാരതവാസികൾ ചിത്രങ്ങളെ അംഗീകരിക്കുന്നുണ്ട് അതുകൊണ്ടാണ് ചോദ്യാവലി ഉണ്ടാക്കിയിട്ടുള്ളത്. ഇതിനെക്കുറിച്ച് മനസ്സിലാക്കികൊടുക്കാൻ വളരെ സഹജമാണ് എന്നാൽ ജ്ഞാനം കേട്ടിട്ട് മറ്റുള്ളവർക്ക് കേൾപ്പിച്ച് കൊടുക്കണം. സേവനങ്ങൾ പലതുണ്ട് എന്നാൽ അത് സ്ഥൂല സേവനമാണ്. ചിലർ കമാൻഡർ, ചിലർ ജനറൽ, ചിലർ കാലാൾപടയാളികളായിരിക്കും. ആഹാരപാനീയങ്ങൾ ഉണ്ടാക്കുന്നതും സേവയാണ് അതിന്റെയും ഫലം തീർച്ചയായും ലഭിക്കും. ജ്ഞാനം പ്രായോഗികമാ ക്കുന്ന ആത്മാക്കളുടെ സേവനമാണ് ഞങ്ങൾ ചെയ്യുന്നതെന്ന് മനസ്സിലാക്കുന്നു. സേവനം ചെയ്യുന്നവർ ഹൃദയത്തിൽ കയറുന്നു. സർവ്വരും മഹിമ പാടും. പിന്നെ ജ്ഞാനം പ്രയോഗത്തിൽ വരുത്തുന്ന ആത്മാക്കളാണ് തീർച്ചയായും ബാബയ്ക്ക് അതി പ്രിയപ്പെട്ടവരായി മാറുന്നത്. മറ്റുള്ളവർ പ്രിയപ്പെട്ടവരല്ല എന്നല്ല ഇതിന്റെയർത്ഥം. എല്ലാവരുടെയും സേവനം കണ്ടാലറിയാം.“ഞാൻ ഹൃദയത്തിൽ കയറിയിട്ടുണ്ടോ” എന്ന് ബാബയോട് ആരെങ്കിലും ചോദിച്ചാൽ ബാബയ്ക്ക് പറയാൻ സാധിക്കും. ബാക്കി ആര് കേവലം സേവനം എടുത്തുകൊണ്ടിരിക്കുന്നുവോ അവർക്ക് പിന്നെ എന്തു ലഭിക്കും? രാജധാനിയിൽ വരും എന്നാൽ പദവി നല്ലത് ലഭിക്കില്ല. മിത്രസംബന്ധികളുടെ സേവനം നിങ്ങൾക്ക് വളരെയധികം ചെയ്യാൻ സാധിക്കും അതായത് സേവനത്തിന്റെ വിചാരം നിങ്ങൾക്കുണ്ടാകണം. സമയം വ്യർത്ഥമാക്കി കളയരുത്. അങ്ങനെയുള്ളവരെ ബുദ്ധു എന്ന് ബാബ വിളിക്കും. ബാബ എത്ര നല്ല പോയിന്റുകളാണ് പറഞ്ഞുതരുന്നത്. ചോദ്യാവലി വളരെ നല്ലതാണ്. ജഗദംബയാണ് ജ്ഞാന ജ്ഞാനേശ്വരി, ലക്ഷ്മിയാണ് രാജ രാജേശ്വരി. ലക്ഷ്മി സത്യയുഗത്തിലാണ്. ജഗദംബയുടെ മഹിമ ഈ സമയത്തേതാണ് പിന്നീട് പാടുന്നത്. കുട്ടികളിൽ ധാരണ എല്ലിനു പിടിക്കുന്ന രീതിയിൽ ഉണ്ടാകണം. പരിപക്വ അവസ്ഥ ഉണ്ടായാലേ ഹൃദയത്തിൽ കയറാൻ സാധിക്കൂ. സ്കൂളിലും വിദ്യാർത്ഥികൾ ഹൃദയത്തിൽ കയറുന്നത് നമ്പർവാറാണ്. വ്യത്യസ്ഥമാണ്. ഈ പോയിന്റ്സ് മനസ്സിലാക്കികൊടുക്കാൻ വളരെ നല്ലതാണ്. ജഗദംബയെ ധനലക്ഷ്മി എന്ന് വിളിക്കില്ല. ഇതാണ് ജഗദംബ, ഇവർക്ക് ഈശ്വരനാണ് ജ്ഞാനം നൽകിയത് അതുകൊണ്ടാണ് സരസ്വതിയെ ജ്ഞാന ദേവി (ഗോഡസ് ഓഫ് നോളഡ്ജ് )എന്ന മഹിമ പാടുന്നത്. ഇപ്പോൾ ഈ നാമരൂപത്തിൽ ഗോഡസ് ഓഫ്

നോളഡ്ജ് ആണ്. ഈ ജ്ഞാനത്തിലൂടെയാണ് പിന്നീട് പദവി ലഭിച്ചത്. കഴിഞ്ഞ ജന്മത്തിൽ ജ്ഞാനം നേടിയിരുന്നു അതുകൊണ്ടാണ് പിന്നീട് ലക്ഷ്മിയായത്. ലക്ഷ്മി കഴിഞ്ഞ ജന്മത്തിൽ ജഗദംബയായിരുന്നു എന്നുള്ളത് പൂർണ്ണമായും വ്യക്തമായ രഹസ്യമാണ്. ഭൂതം, വർത്തമാനം, ഭാവിയിൽ എന്താകും. ഓരോരോ കാര്യവും വളരെ നല്ലതാണ്. ലക്ഷ്മി എങ്ങനെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്, എവിടെയൊക്കെ എടുക്കുന്നു, ഇത് മനസ്സിലാക്കി കൊടുക്കേണ്ട കാര്യങ്ങളാണ്. മനസ്സിലാക്കികൊടുക്കുവാൻ സന്തോഷമുണ്ട്. ദാനം നൽകുവാൻ സന്തോഷമുണ്ടാകാറില്ലേ.

ബാബ അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം നൽകുന്നു. അപ്പോൾ അതു പിന്നീട് മറ്റുള്ളവർക്ക് ദാനം നൽകാനുള്ള സേവനം ചെയ്യണം. കേവലം മമ്മാ ബാബയുടെ പിറകെ നടക്കരുത്. സേവനത്തിൽ മുഴുകണം. അപ്പോൾ ബാബ തൃപ്തനാകും. ജ്ഞാനവാൻ സേവനത്തിൽ സഹയോഗം കൊടുത്തുക്കൊണ്ടിരിക്കും. സേവനത്തിൽ ചേരുന്നില്ലെങ്കിൽ അവരെ ബുദ്ധു എന്നു വിളിക്കും. ഞാൻ ബാബയുടെ ഹൃദയത്തിലല്ലെന്ന് അവർക്ക് അറിയാം. ആവശ്യമില്ലാത്ത ആഹാരപാനീയങ്ങളുടെ വിചാരങ്ങൾ വളരെയുണ്ടാകുന്നു. ലക്ഷ്യം വെളിയിൽ നന്നായി എഴുതിയിട്ടുണ്ട്. പേര് എഴുതിവെച്ചിട്ടുണ്ട്– ഇതാണ് പതീത–പാവന ഗോഡ് ഫാദർലി യൂണിവേഴ്സിറ്റി. ബാബയിൽ നിന്ന് 21 ജന്മങ്ങളിലേക്ക് വീണ്ടും ആരോഗ്യം, സമ്പത്ത്, സന്തോഷത്തിന്റെ ആസ്തി ലഭിക്കുന്നു. ബോർഡിൽ കർത്തവ്യത്തെക്കുറിച്ച് പൂർണ്ണമായും എഴുതിയിട്ടുണ്ട്. ശിവബാബയുടെയും ലക്ഷ്മീനാരായണന്റെയും ചിത്രമുണ്ട്. ലക്ഷ്യത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. എന്നാൽ ഒന്നും മനസിലാക്കുന്നില്ല. ചോദിക്കുന്നുമില്ല. കടകളിലും ബോർഡ് വെയ്ക്കാറുണ്ട്. ഇത് പാലിന്റെ കടയാണ്, ഇത് ഇന്നതിന്റെയാണ്. സത്സംഗത്തിന് ഒരിക്കലും ബോർഡ് വെയ്ക്കാറില്ല. അത് പ്രശസ്ഥമായിരിക്കും. ഇവിടെയാണെങ്കിൽ ബോർഡ് വെച്ചിട്ടുണ്ട് – 21 ജന്മങ്ങളിലേക്ക് ദൈവീക പദവി പ്രാപ്തമാക്കുന്നതിനുള്ള പഠിപ്പ് ലഭിക്കുന്നു, എന്നിരുന്നാലും ബുദ്ധിയിൽ ഇരിക്കുന്നില്ല അതു കൊണ്ടാണ് വന്ന് ചോദിക്കുന്നത് – ഇവിടുത്തെ ഉദ്ദേശ്യമെന്താണ്? ലക്ഷ്യമെന്തെന്ന് മനസിലാകത്തക്ക വിധത്തിൽ ബോർഡ് വായിക്കുന്നില്ല. ആരുടെ കടയാണെന്ന് നോക്കണ്ടേ എന്നാൽ ഒന്നും അറിയുന്നില്ല. ആദി ദേവന്റെ പേരും മഹാവീരൻ, ഹനുമാൻ എന്ന് വെച്ചിരിക്കുകയാണ്. എന്നാൽ ഇതാരാണ്, എപ്പോഴാണ് ഉണ്ടായിരുന്നത്, ഇതൊന്നുമറിയില്ല. മറ്റുള്ളവർക്ക് മനസിലാക്കി കൊടുക്കുവാൻ നിങ്ങൾ കുട്ടികൾക്ക് ധൈര്യം വേണം. മനസിലാക്കിക്കൊടുക്കുന്നവരിൽ വികാരമുണ്ടെങ്കിൽ ആർക്കും അമ്പ് കൊള്ളില്ല. അമ്പ് ആർക്കെങ്കിലും തറച്ചുവെങ്കിൽ അത് ശിവബാബയാണ് മനസിലാക്കി കൊടുക്കുന്നത്. ആരിലെങ്കിലും അവഗുണമുണ്ടെങ്കിൽ അവർ പറഞ്ഞുകൊടുക്കുന്നത് ആർക്കും ഏൽക്കില്ല. ഞാനാണ് ഇവർക്ക് വളരെ നല്ല ജ്ഞാനം നല്കിയത്, എന്റെ ജ്ഞാനത്തിലൂടെയാണ് ഇവരിൽ പരിവർത്തനമുണ്ടായത് ഇങ്ങനെ കരുതരുത്. ഇതും തലതിരിഞ്ഞ അഹങ്കാരമാണ്. ബാബയാണ് വന്ന് ദൃഷ്ടി നല്കുന്നത്, ജ്ഞാനം നല്കുന്നത്. കരയുന്ന ശീലമുള്ളവർക്ക് ഈ ജ്ഞാനം ആർക്കും നല്കാൻ സാധിക്കില്ല. അവർ വിധവയാകുന്നു. ജ്ഞാനം ആർക്കെങ്കിലും നല്കാൻ എനിക്ക് സാധിക്കുമെന്ന് അവർ ഒരിക്കലും മനസിലാക്കില്ല. ബാബയാണ് അവരുടെ മംഗളം ചെയ്യുന്നത്. കരഞ്ഞാൽ അവരുടെ ദുർഗതിയാണ്. നാം ഹർഷിതമുഖരായ ദേവി ദേവതകളാകാൻ പോകുകയാണെന്ന് നിങ്ങൾക്കറിയാം. തെറ്റായ കർമ്മം ചെയ്തിട്ടുണ്ട്, അതാണ് വഞ്ചിക്കുന്നത്. അപ്പോൾ കരയുന്നു. നല്ല നല്ല കുട്ടികൾ പോലും കരയുന്നു. പിന്നെ ബാബ ആരെയെങ്കിലും ഉയർത്തണമെങ്കിൽ സ്വയം വന്ന് ദൃഷ്ടി നല്കുന്നു. കരയുന്നുണ്ടെങ്കിൽ വിധവയാണ്. ഇവിടെ പറയുന്നു നാം രാമന്റേതായി എന്നിട്ട് പിന്നെ കരയുന്നു എന്നാൽ അവരുടെ രാമൻ മരിച്ചു, അതായത് രാമനിൽനിന്ന് ബുദ്ധിയോഗം മുറിഞ്ഞുപോയി. മുഖം തിരിച്ചു. അവസ്ഥ വളരെ നല്ലതായിരിക്കണം. ചിലർ പ്രഭാവിതരാകുന്നു. എന്നാൽ അത് ബാബയുടെ ശക്തിയാലാണ് പ്രഭാവിതരാകുന്നത്. ബാബ പറയുന്നതിൽ ഒരു തെറ്റുമുണ്ടാകില്ല കാരണം ബാബ സത്യമാണ്. അഥവാ ഏതെങ്കിലും വാക്കുകൾ വന്നുപോയാൽ തെറ്റിനെ തിരുത്തുന്ന ബാബ ഇരിപ്പുണ്ട്. ഇവിടെ മനസിലാക്കാൻ വളരെ നല്ല ബുദ്ധി വേണം. ബാബ സേവനത്തിനായി ഉപസ്ഥിതനാണ്. ബാബയ്ക്ക് കുട്ടികളെയും നോക്കണം. ബ്രഹ്മാവിന്റെ കുട്ടി എന്നു പറയുമ്പോൾ സഹായിക്കുകയും ചെയ്യുന്നുണ്ട്. ചില കുട്ടികൾ കൂടുതൽ നഷ്ടമുണ്ടാക്കുന്നു. ബാബയ്ക്കും ജിജ്ഞാസുവിനും അറിയാം. ഇവരുടെ പെരുമാറ്റം ഇങ്ങനെയാണ്, ശരിയല്ല, അപ്പോൾ എഴുതുന്നു ബാബാ ഇവരെ അങ്ങയുടെ അടുത്തേക്ക് വിളിച്ചുകൊള്ളൂ.

നിങ്ങൾ കുട്ടികൾ ദധീചി ഋഷിയെപ്പോലെ എല്ലുകൾ നൽകണം. ചില കുട്ടികൾ നവാബ് ചമഞ്ഞ് നടക്കുന്നു. ബാബ മനസിലാക്കി തരുന്നു – ഈ സമ്പാദ്യത്തിലും, ഗ്രഹപ്പിഴ പിടിക്കുന്നു, ദശകൾ മാറുന്നു. ചിലപ്പോൾ ബൃഹസ്പതിയുടെ, ചിലപ്പോൾ ശുക്രന്റെ, ചിലപ്പോൾ രാഹുവിന്റെ പിന്നെ പൂർണ്ണമായും തവിടുപൊടിയാകുന്നു. ബാബ വളരെ നല്ല നല്ല പോയിന്റുകൾ മനസിലാക്കി തരുന്നു. അവരോട് പറയൂ, താങ്കൾ വളരെ നല്ല ബുദ്ധിമാനാണ്, പഠിച്ചിട്ടുണ്ട്. ബോർഡിൽ ലക്ഷ്യം പൂർണ്ണമായും എഴുതിയിട്ടുണ്ട്. ലക്ഷ്യം മന

സിലായാലേ ആ അഭിമാനത്തോടെ ഉള്ളിലേക്ക് വരൂ. ഗോഡ് ഫാദറിൽ നിന്ന് 21 ജന്മങ്ങളിലേക്ക് അതായത് 2500 വർഷങ്ങളിലേക്ക് ആസ്തി ലഭിക്കുന്നു. സൂര്യവംശി കൂടാതെ ചന്ദ്രവംശി രാജധാനി. ചിലർ നല്ല രീതിയിൽ മനസിലാക്കും കാരണം സംഖ്യാ ക്രമമനുസരിച്ചുള്ള ഇടപാടുകാരല്ലേ. ഇതെല്ലാം ശിവബാബയുടെ കടയാണ്. സേട്ട് ഒന്നാണ്. ഈ കട ആയിരക്കണക്കിന് ലക്ഷക്കണക്കിന് തുറക്കും. സന്ന്യാസിമാർക്ക് എത്ര കടയാണ്, വിദേശങ്ങളിലുമുണ്ട്. ഭാരതത്തിന്റെ പ്രാചീനയോഗവും ജ്ഞാനവും സന്ന്യാസിമാർ തന്നെയായിരിക്കും നല്കിയത് എന്ന് വിദേശികൾ കരുതുന്നു. എന്നാൽ അങ്ങനെയല്ല, ഇത് ബാബയാണ് നൽകുന്നത്. ആർക്കും ഈ ജ്ഞാനം നൽകാൻ സാധിക്കില്ല. എന്നാൽ നൽകുന്ന ബാബയുടെ പേര് ഇടുന്നതിന് പകരം കുട്ടിയുടെ മാത്രം ഇട്ടു. ഈ ഹഠയോഗി സന്ന്യാസികൾക്കൊന്നുമറിയില്ലെന്ന് നിങ്ങൾക്ക് തെളിയിച്ച് പറയാൻ സാധിക്കും. സ്വർഗം സ്ഥാപിക്കുന്ന ഗോഡ്ഫാദർ ഇരുന്നു മനസിലാക്കിതരുന്നു. പോപ്പിനു എഴുതുന്നു- ഭാരതത്തിലേക്കു വരൂ, എന്നാൽ ഈ യാത്രയെ പൂർണ്ണമായും മനസ്സിലായിട്ടില്ല. പറഞ്ഞാൽ നിങ്ങളുടെ അടുത്തേക്ക് ആരെയെങ്കിലും അയക്കും. ഇവിടെ അവർക്ക് വരാൻ സാധിക്കില്ല. പദവി വളരെ ഉള്ളവരാണ് അവർ. ഇവിടെ പാവപ്പട്ടവരേ വരൂ. ക്രൈസ്റ്റ് യാചകനാണെന്ന് പറയുന്നു. ഈ സമയം ഇപ്പോൾ നമ്മളും യാചകരാണ്. യാചകനിൽ നിന്ന് രാജകുമാരനാകാൻ പോകുന്നു. ചിലരുടെ അടുത്ത് വളരെയധികം ധനം ഉണ്ട് എന്നാലും യാചകരാണ്. ക്രൈസ്റ്റ് പാവപ്പെട്ടവനാണെന്ന് പറയുന്നു. പാവപ്പെട്ടവനാകുമ്പോഴാണ് ജ്ഞാനം എടുക്കാൻ വരുന്നത്. സലാം ചെയ്യണ്ടേ. ഇത് അന്തിമ സമയമാണ്. കണക്കു വഴക്കുകൾ അവസാനിക്കാൻ പോകുന്നു. നമ്പർവണ്ണായി സലാം പറയേണ്ടവരും ഇവിടെ ഇരിക്കുന്നുണ്ട്. അവരും വരും. നിങ്ങളുടെ ഈ സൂര്യവംശി ചന്ദ്രവംശി രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ലക്ഷ്മീ നാരായണന്റെയാണ് മുഖ്യമായ ചിത്രം. ഫസ്റ്റ്, സെക്കന്റ്, തേർഡ് ഇങ്ങനെ അവരുടെ ചിത്രങ്ങൾ കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ചിത്രങ്ങൾ വിനാശത്തോടെ ഇല്ലാതാകും. കൃത്യമായ ചിത്രങ്ങളൊന്നുമില്ല. ദിൽവാഡ ക്ഷേത്രത്തിലും ജഗദംബയുടെയും ലക്ഷ്മീ നാരായണന്റെയും ചിത്രമുണ്ട്. എന്നാൽ ജ്ഞാന- ജ്ഞാനേശ്വരിയിൽ നിന്നും രാജ-രാജ രാജേശ്വരി ആകുമെന്ന് ആർക്കുമറിയില്ല. തീർച്ചയായും അവരുടെ കുട്ടികളും കാണും. പഠിത്തം വരുമാന മാർഗ്ഗമാണ്. ബ്രാഹ്മണരാണ് പഠിച്ച് ദേവീദേവതയാകുന്നത്. എത്ര വ്യക്തമാണ്.

ബാബ പറയുന്നു - എനിക്ക് കുട്ടികളെ പ്രത്യക്ഷമാക്കണം. അതിന്റെ ഫലം ബാബയ്ക്ക് ലഭിക്കുന്നില്ല. കുട്ടികൾക്ക് തന്റെ പരിശ്രമത്തിന്റെ ഫലം ലഭിക്കും. ഞാൻ സേവനം ചെയ്യുന്നു, ബാബ ആർക്കാണോ ദൃഷ്ടി നൽകുന്നത് അത് അവരുടെ ഭാഗ്യമാണ്. ഈ ജഗദംബ ആരാണ്, എന്ത് പ്രാപ്തി നേടിയിട്ടുണ്ടെന്നുള്ള കാര്യങ്ങൾ മനുഷ്യർക്കറിയില്ല. ബാബ മനസിലാക്കി തരുന്നു മധുരമായ കുട്ടികളെ, കരയുന്നതും അപശകുനമാണ്. ഇത് പരിധിയില്ലാത്ത ബാബയുടെ വീടല്ലേ. സ്വയം കരഞ്ഞുകൊണ്ടിരിക്കുന്നവർ മറ്റുള്ളവർക്ക് എന്ത് സേവ ചെയ്ത് ചിരിപ്പിക്കുവാനാണ്? ഇവിടെ ചിരിക്കാൻ പഠിക്കണം. ചിരിക്കുക എന്നാൽ പുഞ്ചിരിക്കുക. എന്നാൽ ഉറക്കെ ചിരിക്കരുത്. എത്ര അറിവാണ് നല്കുന്നത്. പോയിന്റ്സ് മനസിലാക്കി തരുന്നു. ദിവസങ്ങൾ കഴിയുന്തോറും ജ്ഞാനം എളുപ്പമാകുന്നു. നിങ്ങളിൽ ശക്തിയും വന്ന് ചേരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരിക്കലും തന്റെ അഹങ്കാരം കാണിക്കരുത്. ദധീചി ഋഷിയെ പോലെ സേവനത്തിൽ എല്ലുകൾ നല്കണം.
2) സദാ ഹർഷിതമുഖരായിരിക്കണം. ഒരിക്കലും കരയരുത്. കരയുക അർത്ഥം വിധവയാകുക, അതുകൊണ്ട് പുഞ്ചിരിച്ചുകൊണ്ടിരിക്കണം, പക്ഷെ ഉറക്കെ ചിരിക്കരുത്.

## വരദാനം:-ഒരു ബാബയിൽ മുഴുവൻ ലോകത്തിന്റെയും അനുഭൂതി ചെയ്തുകൊണ്ട് നിരന്തരം ഒന്നിന്റെ ഓർമ്മയിൽ ഇരിക്കുന്ന സഹജയോഗിയായി ഭവിക്കട്ടെ.

സഹയോഗത്തിന്റെ അർത്ഥം തന്നെ ഇതാണ്-ഒന്നിനെ ഓർമ്മിക്കുക. ഒരു ബാബ രണ്ടാമതാരുമില്ല. ശരീരം-മനസ്സ്-ധനം എല്ലാം അങ്ങയുടേത്, എന്റേതല്ല. അങ്ങനെയുള്ള സൂക്ഷിപ്പുകാരായി ഡബിൾ ലൈറ്റായി ഇരിക്കുന്നവർ തന്നെയാണ് സഹജയോഗി. സഹജയോഗിയാകുന്നതിനുള്ള സഹജവിധിയാണ്-

ഒന്നിനെ ഓർമ്മിക്കുക, ഒന്നിൽ എല്ലാം അനുഭവം ചെയ്യുക. ബാബ തന്നെയാണ് ലോകമെങ്കിൽ ഓർമ്മ സഹജമാകും. അരകല്പം പ്രയത്നിച്ചു, ഇപ്പോൾ ബാബ പ്രയത്നത്തിൽ നിന്നും മോചിപ്പിക്കുന്നു. പക്ഷെ അഥവാ വീണ്ടും പ്രയത്നം ചെയ്യേണ്ടി വരുന്നുവെങ്കിൽ അതിന്റെ കാരണം തങ്ങളുടെ ദുർബ്ബലതയാണ്.

## സ്ലോഗൻ:- മഹാൻ ആത്മാവ് അവരാണ് ആരാണോ പവിത്രതയാകുന്ന ധർമ്മത്തെ ജീവിതത്തിൽ ധാരണ ചെയ്യുന്നത്.

**വിശേഷ ശ്രദ്ധക്ക് –** ഈ ജനുവരി മാസം നമ്മുടെയെല്ലാം അതിപ്രിയനായ പിതാശ്രീ ബ്രഹ്മാബാബയുടെ സമ്പന്നതയുടെയും സമ്പൂർണ്ണതയുടെയും വിശേഷ മാസമാണ്. ഈ മാസം പൂർണ്ണമായും നാമെല്ലാ ബ്രഹ്മാവത്സരും വിശേഷമായി ശിവബാബയോടൊപ്പം ബ്രഹ്മാബാബയുടെയും സ്നേഹത്തിൽ ഉൾക്കൊണ്ട് ഇരിക്കുന്നു. ബാബ പറയുന്നു, ഈ സ്നേഹത്തിൽ മുഴുകിയിരിക്കുന്നതും സമാനമാകുകയാണ്. ഭക്തർ ഈ സ്നേത്തിൽ മുഴുകിയിരിക്കുന്ന സ്ഥിതിയെക്കുറിച്ച് തന്നെയാണ് പറഞ്ഞിട്ടുള്ളത്, ആത്മാവ് പരമാത്മാവിൽ ലയിച്ചുചേരുന്നുവെന്ന്. അതിനാൽ വരൂ, നമ്മളെല്ലാവരും മാസം മുഴുവനും ആ സ്നേഹത്തിൽ അലിഞ്ഞ സ്ഥിതിയിൽ മുഴുകിയിരിക്കുന്നതിന്റെ അനുഭവം ചെയ്യാം. ഈ ലക്ഷ്യത്തോടെ ദിവസേന മുരളിക്ക് ശേഷം സ്നേഹത്തിൽ അലിഞ്ഞു ചേരുന്നതിനുള്ള ഒരു വിശേഷ പോയന്റ് ചേർക്കുന്നുണ്ട്, താങ്കൾ ഇപ്രകാരം മുരളീക്ലാസ്സിന് ശേഷം ദിവസവും 10 മിനിറ്റ് യോഗാഭ്യാസം ചെയ്യണം.

**ലൗലീന സ്ഥിതിയുടെ അഭ്യാസത്തിനുള്ള പോയന്റ്** : സ്നേഹസാഗരനായ ബാബയോടൊപ്പം മിലനമാഘോഷിച്ചുകൊണ്ട് സ്നേഹത്തോടെ ബാബാ എന്ന് പറയൂ, ആ സ്നേഹത്തിൽ തന്നെ മുഴുകിയിരിക്കൂ, ലഹരിയിൽ മുഴുകിയിരിക്കൂ. ഈ ലൗലീനസ്ഥിതി മറ്റെല്ലാ പ്രശ്നങ്ങളെയും സഹജമായി സമാപ്തമാക്കും.